"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) എന്ന സ്ഥാപനം ഉല്പാദിപ്പിക്കുന്ന മരുന്നുകൾ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്

**സ.ഉ.(സാധാ) നം.1365/2019/**ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 03/07/2019

പരാമർശം:- 1 സ.ഉ.(സാധാ.)നം.1935/2018/ത.സ്വ.ഭ.വ. തിയതി 17.07.18

2 കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം) പ്രസിഡണ്ടിന്റെ 07.06.19 ലെ കത്ത്

ഉത്തരവ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളുടെ ആവശ്യങ്ങൾക്കായി, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ, 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് അനുവദിക്കണമെന്ന നിബന്ധനയോടെ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 19/ 07/ 18 തീയതി മുതൽ ഒരു വർഷത്തേക്ക് പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം ഉൽപാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് വിൽപ്പന നടത്തുന്നതിന് നൽകിയ അനുമതിയുടെ കാലാവധി 16.07.19 ൽ അവസാനിക്കുകയാണെന്നും സർക്കാർ ഉത്തരവ് ലഭ്യമായതിനെ തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് കഴിഞ്ഞവർഷങ്ങളിൽ ആവശ്യാനുസരണം സമയബന്ധിതമായി മരുന്നുകൾ നൽകിയിട്ടുണ്ടെന്നും ഈ സാഹചര്യം പരിഗണിച്ച് സംഘം ഉല്പാദിപ്പിക്കുന്ന മരുന്നുകൾ തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിലുള്ള ആയുർവേദ ആശുപത്രികൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ തുക ഉപയോഗിച്ച് വില്പന നടത്തുന്നതിന് അനുവദിച്ച ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചുനൽകണമെന്ന് പരാമർശം (2) പ്രകാരം കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം

(ഭേഷജം) പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ആയുർവേദ ആശുപത്രികളുടെ ആവശ്യങ്ങൾക്കായി, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം)എന്ന സ്ഥാപനം ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ, മരുന്നുകൾക്ക് 30 മുതൽ 35 ശതമാനം വരെ വിലക്കിഴിവ് ടി സ്ഥാപനം അനുവദിക്കണമെന്ന നിബന്ധനയോടെ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 19/ 07/ 19 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡണ്ട്, കൊല്ലം ജില്ലാ ആയുർവേദ ഔഷധ നിർമ്മാണ വ്യവസായ സഹകരണ സംഘം (ഭേഷജം),മുണ്ടക്കൽ, കൊല്ലം

എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും

എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ